**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** **11-02-2025 - ൽ മറുപടിയ്ക്ക്**

**സേഫ്, പഠനമുറി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സേഫ്, പഠനമുറി പദ്ധതികളിൽ നിശ്ചിത ഘട്ടം പൂർത്തീകരിച്ചിട്ടും പണം ലഭിക്കാത്ത എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും അവർക്ക് എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സേഫ്, പഠനമുറി പദ്ധതികളിൽ ഓരോ നിർമ്മാണ ഘട്ടങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു ധനസഹായ തുക അനുവദിക്കുന്നത്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നൽകേണ്ട മതിയായ തുക ജില്ലകൾക്ക് നിലവിൽ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കുടിശിക നിലവിലില്ല. |
| (ബി) | പ്രസ്തുത ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് തുക കുടിശ്ശികയുണ്ടെന്നും ഇതിന് എത്ര രൂപ വേണ്ടിവരുമെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സേഫ്, പഠനമുറി പദ്ധതികളിൽ ഓരോ നിർമ്മാണ ഘട്ടങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു ധനസഹായ തുക അനുവദിക്കുന്നത്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നൽകേണ്ട മതിയായ തുക ജില്ലകൾക്ക് നിലവിൽ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കുടിശിക നിലവിലില്ല. |
| (സി) | 21/09/2023-ലെ സ.ഉ.(സാധാ) നം.1877/2023 തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ നിർവഹണം നടത്തുന്ന പഠനമുറി പദ്ധതിക്ക് ആരംഭഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നതിനാൽ വാല്യുവേഷൻ പൂർത്തീകരണ ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ